**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 58** **08.06.2015 ൽ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ ഇ-ഫയലിംഗ് സംവിധാനം**

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) | നിലവിൽ 19 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം വകുപ്പുകളിലാണ് പ്രസ്തുത സംവിധാനം ഏർപ്പെടുത്തേണ്ടതായിട്ടുള്ളത് ; | (ബി) | ഘട്ടം ഘട്ടമായി എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.സെക്രട്ടേറിയറ്റിൽ ഇനി ഇ-ഫയലിംഗ് നടപ്പിലാക്കുവാനുള്ള വകുപ്പുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) ഇ-ഫയലിംഗ് ഏർപ്പെടുത്തിയതിനു ശേഷം ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ;<br>(ഇ) ഐഡിയാസ് സംവിധാനത്തിന് പകരമായി ഇ-ഫയലിംഗ് ഏർപ്പെടുത്തിയതോടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ? | (ഡി)യും (ഇ)യും | ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയൽ നീക്കം സംബന്ധിച്ചുള്ള വിവരങ്ങൾ പൊതുജനത്തിന് ഇന്റർനെറ്റിലൂടെ അറിയുന്നതിനുള്ള സംവിധാനമായ 'public interface module' ഇ - ഓഫീസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**സെക്രട്ടേറിയറ്റിൽ ഇനി ഇ-ഫയലിംഗ് നടപ്പിലാക്കുവാനുള്ള വകുപ്പുകളെ സംബന്ധിച്ച വിവരം**

| ക്രമ നമ്പർ | വകുപ്പ് |
|---|---|
| 1 | മത്സ്യബന്ധനവും തുറമുഖവും വകുപ്പ് |
| 2 | വിനോദ സഞ്ചാര വകുപ്പ് |
| 3 | ഗതാഗത വകുപ്പ് |
| 4 | തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ് |
| 5 | സഹകരണ വകുപ്പ് |
| 6 | സാംസ്കാരിക കാര്യ വകുപ്പ് |
| 7 | വനം വന്യജീവി വകുപ്പ് |
| 8 | പൊതുഭരണ വകുപ്പ് |
| 9 | തൊഴിലും നൈപുണ്യവും വകുപ്പ് |
| 10 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് |
| 11 | ഊർജ്ജ വകുപ്പ് |
| 12 | പൊതുമരാമത്ത് വകുപ്പ് |
| 13 | സാമൂഹ്യ നീതി വകുപ്പ് |
| 14 | നോർക്ക വകുപ്പ് |
| 15 | ശാസ്ത്ര സാങ്കേതിക വകുപ്പ് |
| 16 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് |
| 17 | പാർലമെന്ററി കാര്യ വകുപ്പ് |
| 18 | നിയമ വകുപ്പ് |
| 19 | വിവര പൊതുജന സമ്പർക്ക വകുപ്പ് |
| 20 | ഭവന നിർമ്മാണ വകുപ്പ് |
| 21 | ഉന്നത വിദ്യഭ്യാസ വകുപ്പ് |
| 22 | പരിസ്ഥിതി വകുപ്പ് |
| 23 | ഇലക്ഷൻ വകുപ്പ് |

സെക്ഷൻ ഓഫീസർ.